**പതിനഞ്ചാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *22        05.12.2022 ൽ മറുപടിയ്ക്ക്**

**<u>ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം</u>**

| ചോദ്യം<br>**ഡോ. എൻ. ജയരാജ്<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ<br>ശ്രീ. ജോബ് മൈക്കിൾ<br>ശ്രീ പ്രമോദ് നാരായൺ** | | മറുപടി<br>**പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ)<br>&<br>(ബി) | ശബരിമല അന്താരാഷ്ട്ര വിമാനത്താവള പദ്ധതി സംബന്ധിച്ച നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ച് വരുന്നു. പദ്ധതിയുടെ സാങ്കേതിക സാമ്പത്തിക സാധ്യതാ പഠനം പൂർത്തീകരിച്ച് പുതുക്കിയ പഠന റിപ്പോർട്ട് കേന്ദ്രവ്യോമയാന മന്ത്രാലയത്തിന് 30.06.2022 ന് സമർപ്പിച്ചിരുന്നു. ഇതിന്മേൽ വ്യോമയാന മന്ത്രാലയവും, ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ എന്നീ ഏജൻസികളും നടത്തിയ നിരീക്ഷണങ്ങൾക്ക് 10.10.2022 തീയതിയായി സർക്കാർ മറുപടി നൽകിയിരുന്നു. പദ്ധതി പ്രദേശമായ കോട്ടയം ജില്ലയിലെ ചെറുവള്ളി എസ്റ്റേറ്റിലും അനുബന്ധ പ്രദേശത്തുമായുള്ള ഭൂമിയിലാണ് വിമാനത്താവളം വിഭാവനം ചെയ്തിട്ടുള്ളത്. 3500 മീറ്റർ നീളമുള്ള റൺവേ സാധ്യമാകുന്ന തരത്തിലുള്ള വിമാനത്താവള മാസ്റ്റർപ്ലാനാണ് |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; എങ്കിൽ അതിന് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത വിമാനത്താവളത്തിന് "സൈറ്റ് ക്ലീയറൻസ്" നല്കുന്നതിലേക്കായുള്ള സ്റ്റീറിംഗ് കമ്മിറ്റി മീറ്റിങ് കേന്ദ്ര വ്യോയമാന സെക്രട്ടറിയുടെ അധ്യക്ഷതയിൽ 22.11.2022- ന് ഡൽഹിയിൽ കൂടിയിരുന്നു. പ്രസ്തുത മീറ്റിങ്ങിന്റെ അടിസ്ഥാനത്തിൽ വിമാനത്താവള പദ്ധതിയ്ക്ക് കേന്ദ്രാനുമതി വൈകാതെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായുള്ള സ്ഥലമേറ്റെടുക്കൽ പൂർത്തിയായിട്ടുണ്ടോ; അതിന്റെ നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (സി) | കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായശേഷം പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ ബാക്കി നടപടികളിലേക്ക് കടക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ